## വിശുദ്ധിയിലുള്ള നമ്മുടെ കുറ്റമില്ലായ്മയുടെ കാരണം

**I. സഭാജീവിതത്തിനുവേണ്ടി ഒരു വിശുദ്ധജീവിതം നയിക്കുന്നതിന്, കർത്താവ് വിശുദ്ധിയിൽ കുറ്റമില്ലാത്തതായി നമ്മുടെ ഹൃദയത്തെ (നമ്മുടെ വിശുദ്ധിയിൽ ഒരു കുറ്റവും കാണപ്പെടാത്തതായി) സ്ഥിരപ്പെടുത്തേണ്ടതാവശ്യമാണ്**

1 തെസ്സ. 3:13 വിശുദ്ധിയിൽ കുറ്റമില്ലാത്തവരായി നിങ്ങളുടെ ഹൃദയങ്ങളെ അവൻ സ്ഥിരപ്പെടുത്തട്ടെ

- ഹൃദയം മനുഷ്യന്റെ അന്തർഭാഗങ്ങളുടെ ഒരു കൂട്ടം, മനുഷ്യന്റെ മുഖ്യ പ്രതിനിധി, അവന്റെ കാര്യകർത്താവ്, ആണ്
  - നമ്മുടെ ഹൃദയം നമ്മുടെ ദേഹിയുടെ എല്ലാ ഭാഗങ്ങളും—മനസ്സും വികാരവും, ഇച്ഛയും—ഒപ്പം നമ്മുടെ ആത്മാവിന്റെ ഒരു ഭാഗമായ മനസ്സാക്ഷിയും ചേരുന്നതാണ്
  - നമ്മുടെ ഹൃദയം സജീവമായിരിക്കുമ്പോൾ മാത്രമേ ആത്മാവിന്റെ വ്യായാമം ഫലപ്രദമാകുകയുള്ളൂ
- ഹൃദയം ജീവന്റെ പ്രവേശനകവാടവും പുറത്തേക്കുള്ള വഴിയുമാണ്, ജീവന്റെ "സ്വിച്ച്" ആണ്; ഹൃദയം ശരിയല്ലെങ്കിൽ, ആത്മാവിലുള്ള ജീവൻ തടസ്സപ്പെടുകയും, ജീവന്റെ പ്രമാണത്തിന് നമ്മുടെ ആളത്തത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരുവാൻ സ്വതന്ത്രമായും തടസ്സമില്ലാതെയും പ്രവർത്തിക്കുവാൻ കഴിയാതെവരുകയും ചെയ്യും
- തന്റെ സ്വാഭാവിക മനുഷ്യജീവനനുസരിച്ച്, തന്റെ ഹൃദയത്തിൽ സുസ്ഥിരനായ ആരും ഇല്ല; നമ്മുടെ ഹൃദയം വളരെ എളുപ്പത്തിൽ മാറുന്നതായതുകൊണ്ട്, അത് ഒട്ടും വിശ്വാസയോഗ്യമല്ല
- ദൈവത്തിന്റെ രക്ഷയിൽ ഹൃദയത്തിന്റെ പുതുക്കം ഒരിക്കൽ മാത്രമായി സംഭവിക്കുന്നു; എങ്കിലും, നമ്മുടെ അനുഭവത്തിൽ നമ്മുടെ ഹൃദയം മാറാവുന്നതായതുകൊണ്ട് അത് നിരന്തരം പുതുക്കപ്പെടുന്നു
- സഭാജീവിതത്തിനുവേണ്ടി ഒരു വിശുദ്ധ ജീവിതം നയിക്കുന്നതിൽ "വിശുദ്ധീകരിക്കപ്പെടുന്നവർ" ആകണമെങ്കിൽ, നമ്മുടെ ഹൃദയത്തോട് ഇടപെടുന്നതിലൂടെ "വിശുദ്ധീകരിക്കുന്നവന്റെ" ആന്തരിക പ്രവർത്തനവുമായി നാം സഹകരിക്കണം
  - നമ്മുടെ ഹൃദയം മൃദുലവും, ശുദ്ധമായതും, സമാധാനത്തിലും ആയിരിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു
- വിശുദ്ധീകരിക്കുന്ന ആത്മാവിന്റെ തുടർച്ചയായ പുതുക്കത്താൽ നമ്മുടെ ഹൃദയം വിശുദ്ധിയിൽ കുറ്റമില്ലാത്തതായി സ്ഥിരപ്പെടുമ്പോൾ, നാം ദിവ്യജീവന്റെ പുതുമയോടുകൂടിയ പുതിയ യെരൂശലേമും ദിവ്യപ്രകൃതത്തിന്റെ വിശുദ്ധിയോടുകൂടിയ വിശുദ്ധ നഗരവുമായിത്തീരുന്നു

## നമ്മുടെ സമ്പൂർണ വിശുദ്ധീകരണത്തിന്റെ കാരണം

**II. ദൈവം തന്റെ നൈതികമായ വീണ്ടെടുപ്പിൽ നമ്മെ സ്ഥാനീയമായി വിശുദ്ധരാക്കി എന്നു മാത്രമല്ല, തന്റെ ജൈവിക രക്ഷയിൽ നമ്മെ തന്നെക്കൊണ്ടുതന്നെ സാന്ദ്രീകരിക്കേണ്ടതിന് തന്റെ സ്വന്തം വിശുദ്ധ പ്രകൃതത്താൽ സഹജസ്വഭാവത്തിൽ നമ്മെ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു**

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ

- ദൈവം നമ്മുടെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും സ്വഭാവപരമായ വിശുദ്ധീകരിക്കുന്നത്, നമ്മെ ദിവ്യമായി "പുത്രവൽക്കരിക്കുവാൻ" ആണ്
- നമ്മെ വിശുദ്ധീകരിക്കുന്നതിലൂടെ, പ്രകൃതത്തിൽ നമ്മെ പൂർണമായി അവനെപ്പോലെയാക്കിക്കൊണ്ട്, നമ്മുടെ ആത്മാവിന്റെയും ദേഹിയുടെയും ദേഹത്തിന്റെയും സാരാംശത്തിൽ ദൈവം നമ്മെ രൂപാന്തരപ്പെടുത്തുന്നു; ഈ വിധത്തിൽ അവൻ നമ്മുടെ ആത്മാവിനെയും ദേഹിയെയും ദേഹത്തെയും മുഴുവനും സമ്പൂർണമായി കാത്തുസൂക്ഷിക്കുന്നു
  - അളവനുസരിച്ച്, ദൈവം നമ്മെ മുഴുവനായി വിശുദ്ധീകരിക്കുന്നു; ഗുണപരമായി, ദൈവം നമ്മെ സമ്പൂർണമായി കാത്തുസൂക്ഷിക്കുന്നു
- വിശുദ്ധീകരണത്തിൽ നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുവാൻ ദൈവവുമായി സഹകരിക്കുന്നതിന്, നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് നമ്മുടെ ആത്മാവിനെ ജീവനുള്ള ഒരു അവസ്ഥയിൽ നാം കാക്കണം

### നമ്മുടെ ആത്മാവിനെ കാത്തുസൂക്ഷിക്കുന്നതിന്

- നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്തുകൊണ്ട് അതിനെ ജീവനുള്ളതായി നാം നിലനിർത്തണം;
- എല്ലാ അശുദ്ധിയിൽനിന്നും മാലിന്യത്തിൽനിന്നും നാം അതിനെ കാക്കണം
- ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത ഒരു മനസ്സാക്ഷി ഉണ്ടായിരിക്കണം
- നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കണം നമ്മുടെ ആത്മാവിന് നാം ശ്രദ്ധ നൽകണം

### നമ്മുടെ ദേഹിയെ കാത്തുസൂക്ഷിക്കുന്നതിന്

- നമ്മുടെ മനഃശാസ്ത്രപരമായ ഹൃദയത്തിലെ മൂന്ന് പ്രധാന "ധമനികളെയും"—നാം വെടിപ്പാക്കണം
- നമ്മുടെ ദേഹി വിശുദ്ധീകരിക്കപ്പെടണമെങ്കിൽ, നമ്മുടെ മനസ്സ് ക്രിസ്തുവിന്റെ മനസ്സാകുവാൻ പുതുക്കപ്പെടുകയും, നമ്മുടെ വികാരം ക്രിസ്തുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടുകയും സാന്ദ്രീകരിക്കപ്പെടുകയും, നമ്മുടെ ഇച്ഛ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാൽ കീഴ്പെടുത്തപ്പെടുകയും സന്നിവേശിക്കപ്പെടുകയും, നമ്മുടെ മുഴുവൻ ആളത്തംകൊണ്ട് നാം കർത്താവിനെ സ്നേഹിക്കുകയും വേണം
- തടസ്സങ്ങൾ നീക്കിക്കളയുന്നതിനുള്ള മാർഗം കർത്താവിനോട് സമഗ്രമായ ഒരു ഏറ്റുപറച്ചിൽ നടത്തുക എന്നതാണ്

### നമ്മുടെ ശരീരത്തെ കാത്തുസൂക്ഷിക്കുന്നതിന്

- നമ്മുടെ ശരീരത്തെ അവനു സമർപ്പിക്കണം
- നമ്മുടെ വീണുപോയ ശരീരം, അഥവാ ജഡം, സാത്താന്റെയും പാപത്തിന്റെയും മരണത്തിന്റെയും "യോഗസ്ഥലം" ആണ്, എന്നാൽ നമ്മുടെ വീണ്ടുംജനിച്ച ആത്മാവ് പുത്രന്റെയും ആത്മാവിന്റെയും "യോഗസ്ഥലം" ആണ്
- നമ്മുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തണം / ക്രിസ്തുവിനെ മഹിമപ്പെടുത്തണം / നമ്മുടെ പഴയ മനുഷ്യനായ നമ്മുടെ ദേഹിക്കൊത്തവണ്ണം നാം ജീവിക്കാതിരിക്കണം
- നമ്മുടെ ശരീരത്തെ പ്രഹരിക്കുകയും അതിനെ ഒരു അടിമയെപ്പോലെ നയിക്കുകയും വേണം